# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1731** 10.02.2020 -ലെ മറുപടിയ്ക്ക്

**<u>നെയ്യാറ്റിൻകര ആറാലുംമൂട് യു.ഐ.റ്റി. സെന്ററിന് ഭൂമി</u>**

*ചോദ്യം* *ഉത്തരം*

**ശ്രീ. കെ. ആൻസലൻ**

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകര ആറാലുംമൂട് യു.ഐ.റ്റി. സെന്ററിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കൈവശം ഉള്ള ഊരൂട്ടുകാലയിലെ ഭൂമി കൈമാറുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര വില്ലേജിൽ ബ്ലോക്ക് നം. 25 ൽ റീസർവ്വെ 6/7 ൽ പെട്ട, നെയ്യാറ്റിൻകര ടി.ടി.ഐ. യുടെ അധീനതയിലുള്ള 8.60 ആർ സർക്കാർ ഭൂമി, സർക്കാർ ഭൂമി പാട്ടത്തിനു നൽകുന്ന വ്യവസ്ഥകൾ പ്രകാരം കേരള സർവ്വകലാശാലയുടെ കീഴിലുള്ള ആറാലുംമൂട് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കേരള യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ പേരിൽ 30 വർഷത്തേയ്ക്ക് പാട്ടത്തിനു നൽകുന്നതിന് 05.02.2020 ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | 2020 മാർച്ചിന് മുൻപ് യു.ഐ.റ്റി. സെന്ററിന് ഭൂമി കൈമാറ്റം ചെയ്യാൻ കഴിയുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (സി) | യു.ഐ.റ്റി. സെന്ററിന് പൊതുവിദ്യാഭ്യാസ വകുപ്പ് നിലവിൽ എത്ര സെന്റ് സ്ഥലമാണ് കൈമാറുന്നത് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.